## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല- പാമ്പാടി ഗ്രാമപഞ്ചായത്ത്- ഡി.പി.സി അംഗീകാരം ലഭിച്ച ഭവന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം.359/17/തസ്വഭവ                    തിരുവനന്തപുരം,      തീയതി:08.02.2017.

പരാമർശം -

1. പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 17/6/2016 -ൽ നടന്ന സാധാരണ മീറ്റിംഗിലെ 1 (3) നം. തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 28/1/2017 തീയതിയിലെ ജെ2-43612/2016 നം. കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും, ഭവന പദ്ധതിക്ക് ആവശ്യമായ രണ്ട് കോടി രൂപ സഹകരണ ബാങ്കിൽ നിന്നും വായ്പയായി അനുവദിച്ചിട്ടുണ്ട് എന്നും, വായ്പ തുക അഞ്ച് തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതാണെന്നും വായ്പതുകയുടെ പലിശ തനതുഫണ്ടിൽ നിന്നും നൽകുന്നതാണെന്നും, ആയതിനാൽ മേൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുവാദം നൽകണമെന്നും പാമ്പാടി ഗ്രാമപഞ്ചായത്ത് പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡി.പി.സി അംഗീകരിച്ച ഭവന പദ്ധതിക്ക് ആവശ്യമായ രണ്ട് കോടി രൂപ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിനും, വായ്പയുടെ തിരിച്ചടവ് 5 തവണകളായി വികസന ഫണ്ടിൽ നിന്നും അടച്ചുതീർക്കുന്നതിനും, പലിശ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും പാമ്പാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ.മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാമ്പാടി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ